**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5730** **16-03-2023 - ൽ മറുപടിയ്ക്ക്**

**പതിനെട്ട് വയസ്സ് വരെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പതിനെട്ട് വയസ്സ് വരെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം പദ്ധതികൾ വഴിയാണ് സൗജന്യ ചികിത്സ ലഭ്യമാക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് 18 വയസ്സ് വരെയുള്ള കുട്ടികളുടെ സൗജന്യ ചികിത്സയ്ക്കായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>1. ആർ.ബി.എസ്.കെ (രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം) വഴി 18 വയസ്സിനു താഴെ പ്രായമുള്ള എല്ലാ കുട്ടികൾക്കും 30 അസുഖങ്ങൾക്ക് സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന ആരോഗ്യ സ്ഥാപനങ്ങളിൽ നിന്ന് സൗജന്യ ചികിത്സ ലഭ്യമാക്കുന്നു.<br><br>2. ജെ.എസ്.എസ്.കെ (ജനനി ശിശു സുരക്ഷാ കാര്യക്രം) വഴി ഒരു വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് സർക്കാർ ആശുപത്രികളിൽ നിന്ന് സൗജന്യ ചികിത്സ, സൗജന്യ ലാബ് പരിശോധന, സൗജന്യ മരുന്നുകൾ, സൗജന്യ റഫറൽ സൗകര്യം എന്നിവ ലഭ്യമാക്കുന്നു.<br><br>3. ആരോഗ്യ കിരണം പദ്ധതി: പതിനെട്ടു വയസ്സിനു താഴെയുള്ള (സർക്കാർ ഉദ്യോഗസ്ഥരുടെ/ ആദായ നികുതി ദായകരുടെ ആശ്രിതരായ കുട്ടികൾ ഒഴികെ) കുട്ടികൾക്ക് സർക്കാർ ആശുപത്രികളിൽ നിന്നും സൗജന്യ ചികിത്സ ലഭ്യമാകുന്ന പദ്ധതിയാണ് ആരോഗ്യ കിരണം. രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം (ആർ.ബി.എസ്.കെ) പദ്ധതിയിൽ ഉൾപ്പെടുന്ന 30 ആരോഗ്യ അവസ്ഥകൾ ഒഴികെയുള്ള മറ്റെല്ലാ അസുഖങ്ങൾക്കും ഈ പദ്ധതി മുഖാന്തരം സർക്കാർ ആശുപത്രികളിൽ നിന്നും ചികിത്സ ലഭ്യമാണ്.<br><br>4. കാൻസർ സുരക്ഷാ സ്കീം വഴി ഗവൺമെന്റ് ജീവനക്കാരുടെ മക്കൾ ഒഴികെയുള്ള 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി സൗജന്യ ചികിത്സ നൽകി വരുന്നു. |

| | | | |
|---|---|---|---|
| | | | **5. താലോലം പദ്ധതി വഴി എ.പി.എൽ/ ബി.പി.എൽ വ്യത്യാസമില്ലാതെ കാൻസർ ഒഴികെയുള്ള അസുഖങ്ങൾക്ക് 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി ചികിത്സ നൽകി വരുന്നു.**<br><br>**6. ഹൃദ്യം പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് ഹൃദയ സംബന്ധമായ അസുഖങ്ങൾക്ക് ചികിത്സ നൽകി വരുന്നു.** |
| (ബി) | പതിനെട്ട് വയസ്സ് വരെയുള്ള കുട്ടികൾക്ക് എല്ലാതരത്തിലുള്ള ചികിത്സയും ഇൻവെസ്റ്റിഗേഷനും മരുന്നും സൗജന്യമായി ആണോ ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | **പതിനെട്ടു വയസ്സിനു താഴെയുള്ള (സർക്കാർ ഉദ്യോഗസ്ഥരുടെ/ ആദായ നികുതി ദായകരുടെ ആശ്രിതരായ കുട്ടികൾ ഒഴികെ) കുട്ടികൾക്ക് സർക്കാർ ആശുപത്രികളിൽ നിന്നും ആരോഗ്യ കിരണം പദ്ധതി പ്രകാരം സൗജന്യ ചികിത്സ ലഭ്യമാണ്.**<br><br>**രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം (ആർ.ബി.എസ്.കെ) പദ്ധതിയിൽ ഉൾപ്പെടുന്ന 30 ആരോഗ്യ അവസ്ഥകൾ ഒഴികെയുള്ള മറ്റെല്ലാ അസുഖങ്ങൾക്കും ഈ പദ്ധതി മുഖാന്തരം ചികിത്സ ലഭ്യമാണ്.** |
| (സി) | കാസ്പ് കാർഡ് ഉള്ള പതിനെട്ട് വയസ്സിനകത്ത് പ്രായമുള്ള കുട്ടികൾക്ക് ആധാർ കാർഡ് ഇല്ലായെങ്കിൽ സൗജന്യ ചികിത്സ ലഭ്യമാക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (സി) | കാസ്പ് പദ്ധതി പ്രകാരം സൗജന്യ ചികിത്സയ്ക്കായി കാർഡ് എടുക്കുന്ന സമയത്തും അഡ്മിഷൻ സമയത്തും, ഡിസ്ചാർജ്ജ് സമയത്തും ആധാർ വെരിഫിക്കേഷൻ നടത്തേണ്ടതാവശ്യമാണ് |
| (ഡി) | രണ്ട് വയസ്സ് വരെ പ്രായമുള്ള ആധാർ ഇല്ലാത്ത കുട്ടികളുടെ കുടുംബത്തിന് കാസ്പ് കാർഡ് ഉണ്ടെങ്കിൽ കാസ്പ് സ്കീമിൽ ഉൾപ്പെടുത്തി കുട്ടികൾക്ക് ചികിത്സ സൗജന്യമായി ലഭ്യമാക്കുമോ; ഇല്ലെങ്കിൽ എന്താണ് കാരണം എന്ന് വ്യക്തമാക്കാമോ ; | (ഡി) | രണ്ട് വയസ്സിനു താഴെ പ്രായമുള്ള ആധാർ കാർഡ് ഇല്ലാത്ത കുട്ടികൾക്ക് മാതാവിന്റെയോ പിതാവിന്റെയോ കാസ്പ് കാർഡ് വഴി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി സൗജന്യ ചികിത്സ നൽകി വരുന്നു. |
| (ഇ) | ആധാർ ഇല്ലാതെ ഇങ്ങനെയുള്ള കുട്ടികൾക്ക് സൗജന്യമായി ചികിത്സ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഇ) | രണ്ട് വയസ്സിനു താഴെ പ്രായമുള്ള ആധാർ കാർഡ് ഇല്ലാത്ത കുട്ടികൾക്ക് മാതാവിന്റെയോ പിതാവിന്റെയോ കാസ്പ് കാർഡ് വഴി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി സൗജന്യ ചികിത്സ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ